നം.കെ.എസ്.എ.പി.റ്റി.എ.പി**6-1132/17** തീയതി:**26.09.2017**

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് **(1994-**ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്,<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 7.11.2016 മുതൽ 31.7.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികൾ പരിഗണിച്ച് ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
|---|---|
| 21.8.2017 മുതൽ 2.9.2017 വരെ | ശ്രീ. അരുൺ എസ് നായർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മഹേഷ് കുമാർ കെ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ<br>*(22.8.2017 മുതൽ 02.09.2017 വരെ)* |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി രേണുക | 1.4.2016 മുതൽ 13.10.2016 വരെ |
| ശ്രീമതി റോസമ്മ സ്കറിയ | 14.10.2016 മുതൽ 31.3.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി രേണുകാദേവിഅമ്മാൾ എസ് | 1.4.2016 മുതൽ 17.12.2016 വരെ |
| ശ്രീ. എ ജി അനിൽകുമാർ , അസി. സെക്രട്ടറി<br>*(സെക്രട്ടറിയുടെ ചുമതല)* | 18.12.2016 മുതൽ 30.12.2016 വരെ |
| ശ്രീമതി രേണുകാദേവിഅമ്മാൾ എസ് | 31.12.2016 മുതൽ 31.3.2017 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| | |
|---|---|
| കൃഷി ഓഫീസർ | |
| ശ്രീമതി സിമി ഇബ്രാഹിം | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | |
| ഡോ. ആഷിഷ് കെ പണിക്കർ | 1.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | |
| ശ്രീമതി ഉഷ സി കെ | 1.4.2016 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |
| ശ്രീ. രമേഷ് കുമാർ റ്റി | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. എ പി സുനിൽകുമാർ | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | |
| ശ്രീമതി മറിയാമ്മ കെ എ | 1.4.2016 മുതൽ 3.8.2016 വരെ |
| ശ്രീമതി സ്മിത | 4.8.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ. സുനിൽ പി എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| ഡോ. രാധിക | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ, ജിഎൽപിഎസ്, കുന്നം | |
| ശ്രീ. ജോൺ സാമുവൽ | 1.4.2016 മുതൽ 31.3.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | |
| ശ്രീമതി പ്രീതി കെ ആർ | 1.4.2016 മുതൽ 31.3.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം 1: പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

<u>ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

<u>ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും</u>

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

<u>അനുബന്ധം</u>

1. ബാലൻസ് ഷീറ്റ്- 2016-17
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

<u>സൂചിക</u>


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-**1** | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-**2** | |
| 12 | D&O ലൈസൻസ് നൽകുന്നതിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല. | 2-1 |
| 13 | അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് കെട്ടിടങ്ങൾക്കു നമ്പരിട്ടു നൽകി. | 2-2 |
| 14 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിശോധിയ്ക്കാതെ വാണിജ്യ കെട്ടിടത്തിനു നമ്പറിട്ടു നൽകി. | 2-3 |
| 15 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗക്രമത്തിലല്ലാതെയും വസ്തുനികതി നിർണ്ണയിക്കുന്നതു മൂലം നികുതിയിനത്തിൽ വലിയ നഷ്ടം. | 2-4 |
| 16 | പരസ്യ നികുതി പിരിയ്ക്കാത്തത് പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കുന്നു | 2-5 |
| | ഭാഗം-**3** | |
| 17 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പദ്ധതി - ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല. | 3-1 |
| 18 | വിവിധ ടെലഫോൺ ബില്ലുകൾക്കൊപ്പം ഫൈൻ നൽകിയത് നിരാകരിക്കുന്നു. | 3-2 |
| 19 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് പഞ്ചായത്തിന് സാമ്പത്തിക ബാദ്ധ്യതയാകുന്നു. | 3-3 |
| 20 | വീട് മെയിന്റനൻസിനു മുൻകൂർ നൽകിയത്- നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-4 |
| 21 | എസ്.എസ്.എ പദ്ധതിയ്ക്ക് ഫലപ്രദമായ മോണിട്ടറിംഗ് ഇല്ല. | 3-5 |
| 22 | പൈക ഫണ്ട് നാളിതുവരെ വിനിയോഗിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. | 3-6 |
| 23 | തെരുവു വിളക്ക് മീറ്ററിംഗ് സമ്പ്രദായം നടപ്പാക്കിയില്ല. | 3-7 |
| 24 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച. | 3-8 |
| 25 | ആശ്രയ പദ്ധതി - അവലോകനം. | 3-9 |
| | ഭാഗം-**4** | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 27 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |

| | | |
|---|---|---|
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2016-17വർഷത്തെ ബഡ്ജറ്റ് 9.3.2016-ലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| *ഇനം* | *പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | | *ശതമാനം* |
|---|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* | *(+) / (-)* |
| മുന്നിരിപ്പ് | 8851975 | 7211877 | 0 | 1640098 | (-)18.52 |
| വരവ് | 157828468 | 52716896 | | 105111572 | (-)66.6 |
| ആകെ | 166680443 | 59928773 | | 106751670 | (-)64.05 |
| ചെലവ് | 165426443 | 46594544 | | 120827890 | (-)73.04 |
| നീക്കിയിരിപ്പ് | 1054000 | 13334229 | 12276229 | | (+)1164.73 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ വളരെയധികം അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു.പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്)* |
|---|---|---|
| 2016-17 | 31.07.2017 | 29.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ താഴെ പറയുന്നു.

1. വസ്തുനികതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ തുകകളുമായി വാർഷികകണക്കിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2. ഷെഡ്യൂൾ B-4-ൽ PYKA ഇനത്തിൽ കാണിച്ചിട്ടുള്ള ബാലൻസ് 48000/- രൂപയാണ് എന്നാൽ ഇത് യഥാർത്ഥത്തിൽ 480000/- രൂപയാണ്.

3. നിരവധി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും ഷെഡ്യൂൾ B-11 പ്രകാരമുള്ള സിമന്റ് കോൺക്രീറ്റ് റോഡിന്റെ മൂല്യത്തിൽ വർദ്ധനവയുണ്ടായിട്ടില്ല.

4. ഷെഡ്യൂൾ B-9-ൽ ചുവടെ പറയുന്ന ഇനങ്ങളിൽ വ്യത്യാസമുണ്ട്.

| *ഇനം* | *വാർഷിക കണക്ക് പ്രകാരം* | *കാഷ് ബുക്ക് പ്രകാരം* |
|---|---|---|
| 350110102-പെൻഷൻ കോൺട്രിബ്യൂഷൻ | 40193 | 43523 |
| 350200102- കെ.പി.ഇ.പി.എഫ് | 59216 | 53526 |

| | | |
|---|---|---|
| 350110102-നെറ്റ് സാലറി പേയബിൾ | 252930 | 252490 |
| 350200102-എൽ.ഐ.സി | 15135 | 14485 |

വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | *2016-17* |
|---|---|
| മുന്നിരിപ്പ് | 7211877 |
| വരവ് | 52716896 |
| ആകെ | 59928773 |
| ചെലവ് | 46594544 |
| നീക്കിയിരിപ്പ് | 13334229 |

## 1-5 ഫണ്ട് വിനിയോഗം

| | *മുൻ ബാക്കി* | *തൻവർഷ വരവ്* | *ആകെ* | *ചെലവ്* | *ലാപ്സായ തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10692668 | 10692668 | 9486077 | 1206591 | 88.71 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3196500 | 3196500 | 2315710 | 880790 | 72.44 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 1092549 | 1092549 | 525902 | 566647 | 48.13 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11151720 | 11151720 | 9036342 | 2115378 | 81.03 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2878503 | 2878503 | 2242256 | 636247 | 77.89 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5996146 | 5996146 | 3217001 | 2779145 | 53.65 |
| ലോക ബാങ്ക് സഹായം | 3918 | 3140297 | 3144215 | 3136210 | 8005 | 99.74 |

## 1-6 പദ്ധതി അവലോകന

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| *അംഗീകാരം ലഭിച്ചത്* | *അടങ്കൽ* | *നടപ്പാക്കിയത്* | *ചെലവഴിച്ച തുക* | *നടപ്പാക്കാത്തവ* | *പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം* |
|---|---|---|---|---|---|
| 149 | 56392342 | 112 | 35758193 | 37 | |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 10 | 9736620 | 9 | 4330980 | 44.48 |
| സേവനം | 58 | 27225533 | 43 | 17929147 | 65.85 |
| പശ്ചാത്തലം | 81 | 19430189 | 60 | 13498066 | 69.47 |

| ആകെ | 149 | 56392342 | 112 | 35758193 | 63.41 |
|---|---|---|---|---|---|

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 10 | 8335914 | 6419033 | 77 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 12 | 3276000 | 1850374 | 56.48 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 85 | 59 | 20633335 | 13286066 | 64.39 |
| വി.ഇ.ഒ | 12 | 11 | 9040500 | 5316500 | 58.81 |
| വെറ്ററിനറി സർജൻ | 6 | 6 | 6627000 | 1322000 | 19.94 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 1 | 1 | 775000 | 764422 | 98.64 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 50000 | 50000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 150000 | 150000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 2 | 3491733 | 2599628 | 74.45 |
| കൃഷി ഓഫീസർ | 2 | 2 | 1509620 | 1508980 | 99.96 |
| എച്ച്.എം, ഗവ. എൽപിഎസ് | 6 | 6 | 1003240 | 991190 | 98.8 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000 | 1500000 | 100 |
| ആകെ | **149** | **112** | **56392342** | **35758193** | **63.41** |

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷത്തിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുൻവർഷം* | *തൻവർഷം* | *വ്യത്യാസം* | *ശതമാനം (+)/(-)* |
|---|---|---|---|---|
| നികുതി വരവുകൾ | 3132825 | 5235935 | 2103100 | 67.13 |
| നികുതിയേതര വരവുകൾ | 3241229 | 1827633 | (-)1413596 | (-)43.61 |
| ആകെ | 6374054 | 7063568 | 689514 | 10.82 |

നികുതിയേതര വരവിലുണ്ടായ കുറവ് ഓഡിറ്റ് ഗൗരവമായി കാണുന്നു**.** ഡി&ഒ ലൈസൻസ് ഫീസ് ഉൾപ്പെടെയുള്ള ഇനങ്ങളിലെ വരുമാനം വർദ്ധിപ്പിക്കാനുള്ള സത്വര നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്**.**

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | **2016-17** ൽ ലഭിച്ച അപേക്ഷകൾ | അംഗീകരിച്ച അപേക്ഷകൾ | ആകെ ഗുണഭോക്താക്കൾ | ചെലവ് |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 21 | 18 | 116 | 958180 |
| 2 | തൊഴിൽ രഹിത വേതനം | - | - | 8 | 10200 |
| 3 | വിധവാ പെൻഷൻ | 50 | 49 | 722 | 6666270 |
| 4 | വികലാംഗ പെൻഷൻ | 28 | 27 | 233 | 1900440 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 5 | 23 | 18560 |
| 6 | വാർദ്ധക്യകാല പെൻഷൻ | 552 | 502 | 1493 | 15878245 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2017രാവിലെ 11ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 62044/- (അറുപത്തിരണ്ടായിരത്തി നാല്പത്തി നാല്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.7.17 | 4/2017-5/2017 | റിപ്പോർട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.4.09-15.5.09 | 2004-05 മുതൽ 2008-09 വരെ | 11.6.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 D&O ലൈസൻസ് നൽകുന്നതിൽ നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിയ്ക്കുന്നില്ല.

**A)**

ഗ്രാമപഞ്ചായത്തിൽ നിന്നും 2016-17 സാമ്പത്തിക വർഷത്തേക്ക് D&O ലൈസൻസ് നൽകിയ താഴെ പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷകളും അനുബന്ധരേഖകളും ഫയലും പരിശോധിച്ചതിൽ നിയമാനുസൃതമായ രേഖകൾ ഹാജരാക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം/സ്ഥാപനം | ലൈസൻസ് ലഭിച്ച വ്യക്തി | ലൈസൻസ് നമ്പർ/ ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | മണിമലേത്ത് ക്രഷർ മെറ്റൽസ് യൂണിറ്റ്,<br>കെട്ടിട നമ്പർ:13/362<br>145 HP മെറ്റൽ ക്രഷർ യൂണിറ്റിന്റെ കൂടെ 85HP കൂടി ചേർത്ത് പുതിയ യൂണിറ്റ് സ്ഥാപിച്ചു. | ടോമി എബ്രഹാം,മണിമലേത്ത്,വെച്ചൂച്ചിറ | No:02/2016;02.04.2016<br>1.ഫാക്ടറീസ് & ബോയിലേഴ്സിന്റെ ലൈസൻസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.<br>2.പത്തനംതിട്ട ജില്ലാ കളക്ടറുടെ നിരാക്ഷേപപത്രം.<br>3.പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ നിരാക്ഷേപപത്രം. |
| 2 | റബർ പാൽ ശേഖരണം.<br>കെട്ടിട നമ്പർ:IV/229 | V.N ത്യാഗരാജൻ,ഉഷസ്സ്,വെൺകുറിഞ്ഞി P.O | No:18/16;18.04.2016<br>1.സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. |

| | | | |
|---|---|---|---|
| | | | 2..മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിപത്രം<br>ഹാജരാക്കിയിട്ടില്ല. |
| 3 | പ്രതിഭാ മെഡിക്കൽസ്,വെച്ചൂച്ചിറ.<br>കെട്ടിട നമ്പർ:II/424 | M.P വർഗീസ്,മഴവഞ്ചേരിപ്പറമ്പിൽ,വെച്ചൂച്ചിറ | 30/16-17;20.04.2016<br>ഡ്രഗ്സ് കൺട്രോളർ അതോറിറ്റിയുടെ ലൈസൻസ് 31.12.2016 വരെ മാത്രമാണ് ലഭിച്ചിട്ടുള്ളത്.എന്നാൽ 31.03.2017 വരെയുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. |
| 4 | മുണ്ടുകോട്ടയ്ക്കൽ റബർ മിൽസ്.<br>P.L.C (Pale latex crepe) നിർമ്മാണ ഫാക്ടറി.<br>കെട്ടിട നമ്പർ:II/10 | സൂസൻ വെൽകം,മുണ്ടുകോട്ടയ്ക്കൽ,വെച്ചൂച്ചിറ | 1.ഫാക്ടറീസ് & ബോയിലേഴ്സിന്റെ<br>ലൈസൻസ് സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.<br>2.സാനിട്ടേഷൻ സർട്ടിഫിക്കറ്റ്<br>ഹാജരാക്കിയില്ല. |
| 5 | മണിമലേത്ത് തടിമിൽ<br>*ലൈസൻസിന്റെ Counter foil ൽ ലൈസൻസിന്റെ കാലാവധി 31.03.2017 എന്ന് ആദ്യം<br>രേഖപ്പെടുത്തുകയും പിന്നീട് 30.06.2016 എന്നു<br>തിരുത്തുകയും ചെയ്തിട്ടുണ്ട്.<br>കെട്ടിട നമ്പർ:II/547 | M.ജോസഫ്,മണിമലേത്ത്,വെച്ചൂച്ചിറ | 57/16-17;02.06.2016<br>1.മലിനീകരണ നിയന്ത്രണ<br>ബോർഡിന്റെ പ്രവർത്തനാനുമതിപത്രം<br>30.06.2016 വരെ മാത്രമാണുള്ളത്. |
| 6 | പഴനിലത്ത് ഇൻഡസ്ട്രീസ്.<br>കെട്ടിട നമ്പർ:II/564<br>* 2016-17 സാമ്പത്തിക<br>വർഷം മുഴവൻ<br>പ്രവർത്തിക്കാനുള്ള ലൈസൻസ് നൽകി. | തോമസ് P,പഴനിലത്ത്,കുത്താട്ടുകളം,വെച്ചൂച്ചിറ | 60/16-17;04.06.2016.<br>1.മലിനീകരണ നിയന്ത്രണ<br>ബോർഡിന്റെ പ്രവർത്തനാനുമതിപത്രം<br>31.12.2016 വരെ മാത്രമാണുള്ളത്. |
| 7 | മണിമലേത്ത് ഹോളോബ്രിക്സ് യൂണിറ്റ്.<br>കെട്ടിട നമ്പർ:XIII/516.<br>*ലൈസൻസിന്റെ Counter foil ൽ ലൈസൻസിന്റെ കാലാവധി 31.03.2017 എന്ന് ആദ്യം<br>രേഖപ്പെടുത്തുകയും പിന്നീട് 30.06.2016 എന്നു<br>തിരുത്തുകയും ചെയ്തിട്ടുണ്ട്.<br>(24 മുതൽ 30 വരെ 6 ദിവസത്തേക്കു മാത്രം) | M.ജോസഫ്,മണിമലേത്ത്,വെച്ചൂച്ചിറ | 68/16-17;24.06.2016<br>1.മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിപത്രം 30.06.2016 വരെ മാത്രമാണുള്ളത്. |
| 8 | ചെറുകണ്ടം മെഡിക്കൽസ്<br>കെട്ടിട നമ്പർ:II/318 | സുമ മാത്യു<br>ചെറുകണ്ടംപറമ്പിൽ,വെച്ചൂച്ചിറ | 70/16-17;<br>ഡ്രഗ്സ് കൺട്രോളർ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ ലൈസൻസ് 25.10.2016 വരെ<br>മാത്രമാണ് ലഭിച്ചിട്ടുള്ളത്.എന്നാൽ<br>31.03.2017 വരെയുള്ള ലൈസൻസ് നൽകിയിട്ടുണ്ട്. |
| 9 | ആഷേർ ഗ്രാനൈറ്റ്സ് &ടൈൽസ്.<br>സിമന്റെ് പാക്കറ്റ് വിൽപ്പന<br>കെട്ടിട നമ്പർ:V/541,545,550 | മാത്യു ജോസഫ്,കോനാട്ടു കുന്നേൽ,മുക്കൂട്ടുതറ | 131/16-17;05.01.2017<br>1.മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതിപത്രം ലഭ്യമാക്കിയിട്ടില്ല. |

**B)** ലൈസൻസുകൾക്ക് മുൻകാല പ്രാബല്യം നൽകി.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ അപേക്ഷിച്ചവരിൽ ചിലർക്ക് മുൻകാല പ്രാബല്യത്തോടെ ലൈസൻസ് നൽകിയതായി കണ്ടു. (01.04.2016 മുതൽ 31.03.2017 വരെ). ഇത് നിയമ വിരുദ്ധമാണ്. അപേക്ഷ തീയതി മുതലുള്ള ലൈസൻസ് നൽകാനേ വ്യവസ്ഥയുള്ളൂ. D&O ലൈസൻസ് മുൻകാല പ്രാബല്യത്തോടെ നൽകിയത് ക്രമവിരുദ്ധമാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം/സ്ഥാപനം | ലൈസൻസ് ലഭിച്ച വ്യക്തി | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | മണിമലേത്ത് ഹാർഡ്‌വെയർ | M.ജോസഫ്,മണിമലേത്ത്,വെച്ചൂച്ചിറ | No:137/16-17;12.01.2017 |
| 2 | സ്റ്റേഷനറി | ഷാജി എസ്.എൽ,<br>ഷൈലസദനം,വെച്ചൂച്ചിഫ | No:129/16-17;29.12.2016 |
| 3 | പെയിന്റ് കട | സ്മിത്സൺ ഡാനിയൽ,ജോളി സദൻ,വെച്ചൂച്ചിറ | No:130/16-17;29.12.2016 |
| 4 | ഫ്ളവർ മിൽ | സണ്ണി മാത്യു,മങ്കന്താനം വീട്,വെൺകുറിഞ്ഞി | No:132/16-17;06.01.2017 |
| 5 | ജ്യുവലറി (അമ്പാട്ട്) | ലീലാമ്മ തോമസ്,അമ്പാട്ട് ,വെച്ചൂച്ചിറ | No:134/16-17;11.01.2017 |
| 6 | തൈപ്പറമ്പിൽ സ്റ്റോഴ്സ് | T.H മുഹമ്മദ് കുഞ്ഞ്,തൈപ്പറമ്പിൽ വീട്,വെച്ചൂച്ചിറ | No:136/16-17;11.01.2017 |
| 7 | മലയാളം കോഫീ പൗഡർ | തോമസ് എബ്രഹാം,കടപ്പനങ്ങാട് വീട്,വെച്ചൂച്ചിറ | No:140/16-17;17.01.2017 |

മേൽ പറഞ്ഞ അപാകതകളിന്മേൽ തുടർ പരിശോധനകൾക്കായി മേൽ വിഷയം ഭരണ വകുപ്പിനു നൽകുന്നു. അപാകതകൾക്ക് വ്യക്തമായ വിശദീകരണം നൽകാത്ത പക്ഷം വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതായിരിക്കും.

## 2-2 അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് കെട്ടിടങ്ങൾക്കു നമ്പരിട്ടു നൽകി.

15.06.2013 ലെ തദ്ദേശ സ്വയം ഭരണ വകുപ്പ് (ആർ.എ) സർക്കുലർ പ്രകാരം (നം.32131/ആർ.എ.1/2012/തസ്വഭവ) കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ളാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിനു ശേഷം മാത്രമേ സെക്രട്ടറി പെർമിറ്റ് നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അനധികൃത കെട്ടിടം ക്രമവൽക്കരിയ്ക്കുമ്പോഴും സാങ്കേതിക പരിശോധന നിർബന്ധമാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ടില്ലാതെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിട്ട് കെട്ടിടങ്ങൾ ക്രമവൽക്കരിച്ചു നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡിന്റെപേര്/കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം/ഏരിയ (in $m^2$) | ഉടമയുടെ പേരും വിലാസവും | നിർണ്ണയിച്ച നികുതി |
|---|---|---|---|---|
| 1 | മുക്കൂട്ടുതറ<br>6/585,586 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ | ടോമിച്ചൻ കെ ജെ<br>(കൊങ്ങാട്ടുകുന്നേല്,പലകക്കാവ്,മുക്കൂട്ടുതറ പി ഒ,686510) | 80m2-3840<br>26m2-1248 |

| | | | | |
|---|---|---|---|---|
| | | വിസ്തീർണ്ണം ഉളള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | | |
| 2 | ഓലക്കളം<br>5/496-501 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉളള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | രാജേഷ് ഡോമിനിക്ക്(മുക്കങ്കൽ,മുക്കുട്ടുതറ,മുക്കുട്ടുതറ | 18m2-864<br>18m2-864<br>18m2-864<br>18m2-864<br>18m2-864<br>90m2 |
| 3 | ഓലക്കളം<br>5/490-495 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉളള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | വിജയൻ റ്റി ജി(തടത്തിൽ വീട്,മുക്കുട്ടുതറ,മുക്കുട്ടുതറ | 18m2-864<br>18m2-864<br>18m2-864<br>18m2-864<br>18m2-864<br>90m2 |
| 4 | വെൺകുറിഞ്ഞി<br>4/488 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്<br>120 | ലിജേഷ് നാരായണൻ(ശരംകത്തിയിൽ,വെൺകുറിഞ്ഞി,വെൺകുറിഞ്ഞി പി ഒ,686510) | 120-1920 |
| 5 | എണ്ണൂറാംവയൽ,<br>2/508 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്<br>73m2 | റഞ്ജി ജോസഫ്(മണിമലേത്ത്(വട്ടക്കുന്നേൽ),വെച്ചൂച്ചിറ,കുന്നം വെച്ചൂച്ചിറ പി ഒ, | 73-1460 |
| 6 | ചാത്തൻതറ<br>8/754-759 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉളള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ<br>GF-242<br>FF-242<br>Stair-18 | കെ എസ് ജോസഫ് ,<br>കൈപ്പടാകരിയിൽ,ചാത്തൻതറ,ചാത്തൻതറ പി ഒ, | 83.66-4016<br>83.66-4016<br>83.66-4016<br>83.66-4016<br>83.66-4016<br>83.66-4016<br>502 |

ക്രമ നമ്പർ 1പ്രകാരം, കൊല്ലമുള വില്ലേജിലെ സർവ്വെ നമ്പർ 780/1-1 ൽ ഉൾപ്പെടുന്ന് 4.05 ആർ സ്ഥലത്താണ് ഈ വാണിജ്യ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഇത് KPBR പാലിച്ചാണോ നിർമ്മിച്ചിട്ടുള്ളതെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കാതെ കെട്ടിട നമ്പർ ഇട്ടു നൽകി. 100 m2 നു മുകളിലുള്ള ഈ വാണിജ്യ കെട്ടിടത്തിനെ (ഒരേ ഉപയോഗക്രമം) രണ്ടായി വേർ തിരിച്ച് നമ്പർ നൽകുകയും ചെയ്തിട്ടുണ്ട്.

ക്രമ നമ്പർ 2,3 എന്നിവ പ്രകാരം 266m2 പ്ളിന്ത് ഏരിയയുള്ള വാണിജ്യകെട്ടിടത്തിനെ രണ്ടു പേരുടെ ഭൂമിയിൽ നിർമ്മിച്ച് രണ്ടായി നികുതി നിർണ്ണയിച്ചിരിക്കുന്നു. ഈ കെട്ടിടങ്ങൾക്കും അസിസ്റ്റന്റ് എഞ്ചിനീയറുടെ സ്ഥലപരിശോധന റിപ്പോർട്ടില്ല.പേരോ ഉദ്യോഗപ്പേരോ ചേർക്കാത്ത ഗ്രാമപഞ്ചായത്ത് ജീവനക്കാരന്റെ റിപ്പോർട്ട് പ്രകാരം (ഇനിഷ്യൽ മാത്രം) കെട്ടിടത്തിന്റെ ആദ്യഭാഗത്തിന്റെ വലതു ഭാഗത്ത് ആവശ്യത്തിനു സ്ഥലം വിട്ടിട്ടില്ലാത്തതിനാൽ സമീപത്തുള്ള സ്ഥലമുടമയുടെ സമ്മതപത്രം ആവശ്യമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പ്രസ്തുത സമ്മതപത്രം വാങ്ങിയിട്ടില്ല.കൂടാതെ രണ്ടാം ഭാഗത്ത് ഇടതു ഭാഗത്തെ സ്ഥലമുടമയുടെയും സമ്മതപത്രം ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ചെറിയ പ്ളോട്ടിൽ (1.25 ആർ+1.26 ആർ=2.51ആർ) വലിയ വാണിജ്യ കെട്ടിടം നിർമ്മിക്കാനായി ആസൂത്രണം ചെയ്തതാണെന്നു വ്യക്തമാണ്.

ഈ കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ KPBR- റൂൾ 62 പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ രേഖാമൂലം ഓഡിറ്റിനു റിപ്പോർട്ട് നൽകേണ്ടതാണ്.

പാർക്കിംഗ്,റാമ്പ്,ടോയ്ലെറ്റ് സൗകര്യങ്ങൾ,മഴവെള്ള സംഭരണി,മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ യാതൊരു നിയമവും പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. യാതൊരു സാങ്കേതിക പരിശോധനയും കൂടാതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

രണ്ടു കെട്ടിടങ്ങൾക്കും കംപ്ളീഷൻ പ്ളാൻ പ്രകാരം 133.02m2 പ്ളിന്ത് ഏരിയ വീതമുണ്ട് (ആകെ-266.04m2).എന്നാൽ 90m2 നു മാത്രമെ (18*5 വീതം) രണ്ടു കെട്ടിടങ്ങൾക്കും നികുതി നിർണ്ണയിച്ചിട്ടുള്ളൂ. 86.04m2 കെട്ടിടം നികുതി നിർണ്ണയിച്ചിട്ടില്ല.

ക്രമ നമ്പർ 4 പ്രകാരം A2-1843/14;11.08.2014 ബിൽഡിംഗ് പെർമിറ്റ് പ്രകാരം 120m2 commercial ആവശ്യത്തിനു കെട്ടിടം നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. അപേക്ഷയോടൊപ്പം പ്ലാൻ പോലും സമർപ്പിച്ചിരുന്നില്ല. ഒരു സാങ്കേതിക പരിശോധനയും നടത്തിയിട്ടില്ല. പിന്നീട് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷവും Completion plan സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധന കൂടാതെ കെട്ടിടത്തിനു നികുതി നിർണ്ണയിച്ചു നൽകിയിരിക്കുന്നു.പൗൾട്ടി ഫാം എന്ന് അപേക്ഷയിൽ പറയുന്നെങ്കിലും ആയതിനു വേണ്ടിയാണോ കെട്ടിടം നിർമ്മിച്ചതെന്ന് സാങ്കേതിക വിഭാഗം പരിശോധന നടത്തിയിട്ടില്ല.

ക്രമ നമ്പർ 5 പ്രകാരം ഈ കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയതായ രേഖകളില്ല. അപേക്ഷയോടൊപ്പം പ്ലാൻ പോലും സമർപ്പിച്ചിരുന്നില്ല. ഒരു സാങ്കേതിക പരിശോധനയും നടത്തിയിട്ടില്ല. പിന്നീട് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷവും Completion plan സമർപ്പിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധന കൂടാതെ കെട്ടിടത്തിനു നികുതി നിർണ്ണയിച്ചു നൽകിയിരിക്കുന്നു. കെട്ടിടനിർമ്മാണം എന്താവശ്യത്തിനാണെന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ല.

കെട്ടിടങ്ങൾക്ക് നമ്പർ നൽകി ക്രമവൽക്കരിച്ചതിൽ പ്രസ്തുത അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സാങ്കേതിക വിഭാഗത്തിനു ഫയൽ കൈമാറാതെ സെക്രട്ടറി തന്നെ കെട്ടിടങ്ങൾക്കു നമ്പർ ഇട്ടു നൽകുന്നത് ക്രമക്കേടുകൾക്ക് വഴി വയ്ക്കുന്നു.തുടർ പരിശോധനകൾക്കായി മേൽ വിഷയം ഭരണ വകുപ്പിന്റെ (ഡി.ഡി.പി) ശ്രദ്ധയിൽപെടുത്തുന്നു. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതും തുടർനടപടികൾക്ക് ശുപാർശ ചെയ്യുന്നതുമാണ്.

## 2-3 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിശോധിയ്ക്കാതെ വാണിജ്യ കെട്ടിടത്തിനു നമ്പറിട്ടു നൽകി.

ശ്രീ.സാബു ജോസ്,വലിയകുളത്തിൽ ,മുക്കൂട്ടുതറ എന്ന വ്യക്തി നിർമ്മിച്ച 1036.49 ച.മീറ്റർ വിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളിന് താഴെ പറയുന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതു കൂടാതെയാണ് 678.38m2 തറവിസ്തീർണ്ണമുള്ള (GF-320.47+FF-357.91) കെട്ടിടത്തിനാണ് ആദ്യം ബിൽഡിംഗ് പെർമിറ്റ് നൽകിയിരുന്നത്.(നം.A2-3145/15;15.09.2015). എന്നാൽ അനധികൃതമായ മൂന്നു നിലയുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുകയാണ് ചെയ്തിട്ടുള്ളത്.

കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ ഷോപ്പിംഗ് മാൾ ആയിട്ടാണ് കെട്ടിടം നിർമ്മിച്ചതെന്നു വ്യക്തമാണ്.വാണിജ്യാവശ്യത്തിനുള്ള 200 m2 നു മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾക്ക് 1m2 ന് 80 രൂപയാണ് ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചിരുന്നത്.എന്നാൽ ഈ കെട്ടിടത്തെ പല മുറികളായി തിരിച്ച് നികുതി നിർണ്ണയിച്ചതു മൂലം (വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ) ഗ്രാമപഞ്ചായത്തിനു നികുതിയിനത്തിൽ വരവു നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വാർഡിന്റെപേര്/കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം/ഏരിയ (in $m^2$) | ഉടമയുടെ പേരും വിലാസവും | നിർണ്ണയിച്ച നികുതി (m2-Rs.) |
|---|---|---|---|---|
| 1 | ഓലക്കുളം 5/537-545, | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | സാബു ജോസ്(വലിയകുളത്തില്,മുക്കൂട്ടുത്തറ,മുക്കൂട്ടുതറ പി ഒ,686510) | 93.5-4479<br>14.4-692<br>50.4-2420<br>54.67-2625<br>107.7-7755<br>108.6-7429<br>15.8-632<br>50.2-2290<br>183.31-12540 |
| 2 | 5/549-551 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | | Shop No1-<br>24.36m2-1579<br>Shop No1-<br>24.36m2-1579<br>Electric room-<br>21.33m2-1383 |
| | ആകെ | | | 748.63m2 |

പിന്നീട് കെട്ടിടത്തിന്റെ മുകളിൽ ഒരു നില കൂടി അനധികൃതമായി നിർമ്മിച്ചു.(357.91m2).ഇത് നിർമ്മിക്കുന്നതിനു ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടില്ല.




കെട്ടിടം റഗുലറൈസ് ചെയ്തു നൽകാനുള്ള ഉടമസ്ഥന്റെ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർക്കു കൈമാറുകയും സ്ഥലപരിശോധന റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. റിപ്പോർട്ട് പ്രകാരം രണ്ടാം നിലയിൽ താഴെ പറയുന്ന അളവിൽ കെട്ടിടം നിർമ്മിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിരുന്നു. കെട്ടിടം KPBR റൂൾസ് പ്രകാരമുള്ള എല്ലാ നിയമമങ്ങളും പാലിയ്ക്കുന്നുണ്ട് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ ഇനം | പ്ളിന്ത് ഏരിയ |
|---|---|---|
| 1 | Electric room | 21.33 |
| 2 | Apartment-1 | 68.94 |
| 3 | Shop No.1 | 24.36 |
| 4 | Shop No-2 | 24.36 |
| 5 | Veranda | 61.48 |
| 6 | Apartment-2 | 68.94 |

| | | |
|---|---|---|
| 7 | Wash Area | 15.78 |
| 8 | Open space | 52.32 |
| 9 | Stair room | 20.40 |
| Total | | 357.91 |

പാർക്കിംഗ്,റാമ്പ്,ടോയ്ലെറ്റ് സൗകര്യങ്ങൾ,മഴവെള്ള സംഭരണി,മറ്റ് സുരക്ഷാ മാനദണ്ഡങ്ങൾ തുടങ്ങിയ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകൾ പാലിയ്ക്കുന്നതു സംബന്ധിച്ച യാതൊരു സാങ്കേതിക പരിശോധനയും അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയിട്ടില്ല. സങ്കേതം സോഫ്റ്റ്വെയറിലെ ചെക്ക് ലിസ്റ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. KPBR-റൂൾ 58(12) പ്രകാരം തറ നിരപ്പിൽ നിന്ന് ഇരു നിലകൾ കവിയുന്ന വാണിജ്യ കൈവശ ഗണത്തിലെ കെട്ടിടങ്ങളുടെ കാര്യത്തിൽ ഫയർ & റസ്ക്യൂ ഡിപ്പാർട്ടമെന്റിന്റെ അംഗീകാര സാക്ഷ്യപത്രം വാങ്ങിയിരിക്കണം എന്നു നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാതെ നമ്പർ ഇട്ടു നൽകാൻ റിപ്പോർട്ട് നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഇത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുള്ള ക്രമവിരുദ്ധമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു.

രണ്ടാം നിലയിലെ മൂന്നു മുറികൾക്കു മാത്രം നമ്പർ ഇട്ടു നൽകിയിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിയ്ക്കാതെ ഈ കെട്ടിട ഭാഗങ്ങൾക്കു നികുതി നിർണ്ണയിച്ച് കെട്ടിട നിർമ്മാണത്തെ ക്രമപ്രകാരമുള്ള കെട്ടിടവിഭാഗത്തിൽ ഉൾപ്പെടുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ നടപടി അന്വേഷണ വിധേയമാക്കേണ്ടതാണ്.

കെട്ടിടങ്ങൾക്ക് നമ്പർ നൽകി ക്രമവൽക്കരിച്ചതിന്മേൽ ഭരണതലത്തിൽ (ഡി.ഡി.പി) അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതായിരിക്കും.

## 2-4 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗക്രമത്തിലല്ലാതെയും വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിനത്തിൽ വലിയ നഷ്ടം.

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ചും, ശരിയായ ഉപയോഗക്രമത്തിലല്ലാതെയും വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുണ്ടെന്നു ശ്രദ്ധയിൽപ്പെട്ടു.2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത് 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (20-12-2011 ലെ 2 നമ്പർ തീരുമാനം).വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസറ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 40 രൂപാ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ(ച.മീ.ന് 60 രൂപ നിരക്കിൽ) | കുറവ് |
|---|---|---|---|---|---|---|
| 1 | ഫാ. ജോസഫ് മംഗലത്തിൽ,സെന്റ് തോമസ് ചർച്ച്,മുക്കൂട്ടുതറ. | 5/423, ഓലക്കുളം | 18.62 | 744.8+148.96 (20%Road) =894 | 1117.2+223.44(20%Road) =1340.64 | 447 |
| | | 5/424 | 84.49 | 3379.6+675.92 (20%Road) =4056 | 5069.4+ 1013.88 (20%Road) =6084 | 2028 |
| | | 5/425 | 18.62 | 744.8+148.96 (20%Road) =894 | 1117.2+223.44(20%Road) =1340.64 | 447 |
| 2 | വർക്കി എബ്രാഹം, ചരിവുപുരയിടത്തിൽ,മുക്കൂട്ടുതറ,മുക്കൂട്ടുതറ പി ഒ, | 5/456 ഓലക്കുളം | 27 | 1080+216 (20%Road) =1296 | 1620+324 (20%Road) =1944 | 648 |
| | | 5/457 | 38.3 | 1532+306.4 (20%Road) =1839 | 2298+459.6 (20%Road) =2758 | 919 |
| | | 5/458 | 22.27 | 890.8+178.16 (20%Road) =1069 | 1336.2+267.24(20%Road) =1604 | 535 |

| | | | | | | |
|---|---|---|---|---|---|---|
| | | 5/459 | 22.27 | 890.8+178.16 (20%Road) =1069 | 1336.2+267.24(20%Road) =1604 | 535 |
